## അടിയന്തരപ്രമേയം

കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കൃഷി ഡയറക്ടറും തമ്മിലുള്ള പരസ്യമായ ആരോപണങ്ങളും വെല്ലുവിളികളുംമൂലം വകുപ്പിന്റെ പ്രവർത്തനത്തിൽ ബാധിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ കഴിഞ്ഞ ദിവസം ഉണ്ടായെന്ന് പറയപ്പെടുന്ന അഭിപ്രായ വ്യത്യാസത്തെ പൊതുവൽക്കരിച്ച് ഇവിടെ ഉന്നയിക്കപ്പെടുന്ന ഈ പ്രമേയം മറ്റു പ്രധാന വിഷയങ്ങളൊന്നും കിട്ടാത്തതുകൊണ്ട് എടുത്തതാണെന്നാണ് തോന്നുന്നത്. രണ്ട് പ്രസ്താവനകളെക്കുറിച്ച് ചർച്ചചെയ്യാൻ സഭയുടെ വിലപ്പെട്ട സമയം

വിനിയോഗിക്കേണ്ടതുണ്ടോ എന്ന് പ്രതിപക്ഷം ചിന്തിക്കേണ്ടതാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ അഭിപ്രായ ഭിന്നതകളുണ്ടായിരുന്നെങ്കിൽ അതിനെ മറികടന്നുകൊണ്ട് ഭരണരംഗത്തെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ സർക്കാരിന് കഴിയും. ആളുകൾ തമ്മിൽ ചില അഭിപ്രായ ഭിന്നതകളുണ്ടാകാം. അത് ഐ.എ.എസ്. കാരായാലും ചിലപ്പോൾ ഉണ്ടാകാം. അതൊന്നും ഭരണരംഗത്തെ ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുന്നതല്ല. കൃഷി വകുപ്പിലെ ചില ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ ഉണ്ടായിട്ടുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസം ആ വകുപ്പിന് നേതൃത്വം കൊടുക്കുന്ന മന്ത്രിക്ക് തന്നെ ഇടപെട്ട് കൈകാര്യം ചെയ്യാവുന്ന അവസ്ഥ മാത്രമേയുള്ളൂ. അതിൽ കൃഷി വകുപ്പ് സെക്രട്ടറിയോടും ഡയറക്ടറോടും വിശദീകരണം തേടുമെന്നും ഈ വിഷയം സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധമില്ലാത്തതാണെന്നും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇതിനകം തന്നെ വിശദീകരിച്ചിട്ടുള്ളതാണ്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന വിധം സിവിൽ സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥർക്കിടയിൽ ഗൗരവകരമായ ഒരു അഭിപ്രായ വ്യത്യാസവും നിലനിൽക്കുന്നില്ല. ചില കേന്ദ്രങ്ങൾ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ഇല്ലാത്ത അസംതൃപ്തി സൃഷ്ടിക്കാനുള്ള ഒരു ശ്രമം നേരത്തേ ഇവിടെ നടത്തിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള

പരിശ്രമത്തെയെല്ലാം മറികടന്നുകൊണ്ട് ഭരണയന്ത്രത്തെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് നമ്മുടെ അനുഭവം. ഇതെല്ലാം തെളിയിക്കപ്പെട്ട വസ്തുതകളാണ്. സംതൃപ്തമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യം സാധൂകരിക്കുകയാണ് ചെയ്യേണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കുറച്ച് വ്യത്യസ്തത ഉണ്ടായിരുന്നു. അതിൽനിന്ന് കാര്യങ്ങളൊക്കെ മാറി സംതൃപ്തമായ സിവിൽ സർവ്വീസ് സാധൂകരിക്കുക തന്നെയാണ് സർക്കാർ ചെയ്യുന്നത്. അതോടൊപ്പം അഴിമതിയും കെടുകാര്യസ്ഥതയും പൂർണ്ണമായും ഇല്ലാതാക്കാൻ നമുക്ക് കഴിയണം. ഈ കാഴ്ചപ്പാട് അനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം കഴിവുള്ളവരെ ഐ.എ.എസ്. ഉദ്യോഗസ്ഥതലത്തിലേയ്ക്ക് കൂടുതൽ ലഭ്യമാക്കാനുള്ള ശ്രമങ്ങളും സർക്കാർ തുടരുകയാണ്. തെറ്റായ നടപടികൾ ഉദ്യോഗസ്ഥതലത്തിൽ ഉയർന്നുവന്നാൽ അത് ഐ.എ.എസ്. തലത്തിലായാൽപോലും അവ തിരുത്തുന്നതിന് സർക്കാർ ശക്തമായി ഇടപെടും. അതേസമയം സർക്കാർ ഉദ്യോഗസ്ഥർ പൊതുവേ ശരിയായ നടപടി സ്വീകരിക്കുന്നവരാണ്. അത്തരത്തിൽ ശരിയായ നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സർക്കാരിന്റെ

ജനപക്ഷ വികസന ക്ഷേമപ്രവർത്തനങ്ങൾ കൂട്ടായി നടപ്പാക്കാനുള്ള ഉത്തരവാദിത്വമാണ് സർക്കാർ ഉദ്യോഗസ്ഥർക്കുള്ളത്. അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന് അനുസൃതമായാണ് സിവിൽ സർവ്വീസ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഏതെങ്കിലും ചില പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി.സതീശൻ: സർ, രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രശ്നം പ്രതിപക്ഷം പൊതുവൽക്കരിച്ചു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നാളെ ഈ സർക്കാരിന്റെ ഒന്നാം വാർഷികമാണ്. കഴിഞ്ഞ ഏഴ് മാസമായി സംസ്ഥാനത്തെ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിൽ നടക്കുന്ന തർക്കം ഈ സർക്കാരിന്റെ മുഖം വികൃതമാക്കിയിരിക്കുകയാണ്. കേരളപ്പിറവിക്കുശേഷം കേരളത്തിലെ ഒരു സർക്കാരിന്റെ കീഴിലും ഇതുപോലെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലടിച്ച കാലം ഉണ്ടായിട്ടില്ല. മുഖ്യമന്ത്രിയാണ് ഇതിനെ ലഘൂകരിച്ച്, പൊതുവൽക്കരിച്ച്, നിസ്സാരമാക്കി കാണാൻ ശ്രമം നടത്തുന്നത്. കഴിഞ്ഞ ഒരു മാസത്തിനകമല്ലേ സംസ്ഥാനത്തെ ചീഫ് സെക്രട്ടറിക്ക് സുപ്രീംകോടതിയിൽ പോയി ഈ സർക്കാരിനുവേണ്ടി മാപ്പപേക്ഷ

കൊടുത്ത് നാണംകെട്ട് തലയൂരി പോരേണ്ടി വന്നത്. അങ്ങനെയൊരു ചരിത്രം ഉണ്ടായിട്ടുണ്ടോ? ഉദ്യോഗസ്ഥർ തമ്മിലുള്ള ആരോപണ പ്രത്യാരോപണങ്ങൾ തുടങ്ങിയിട്ട് ഏഴ് മാസമായില്ലേ; ഇന്നലെമാത്രം ഉണ്ടായ സംഭവമാണോ? സംസ്ഥാനത്തെ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ, അഡീഷണൽ ഡി.ജി.പി.മാർ, മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവർക്കെതിരായി പരാതികളുടെ പ്രളയമാണ്. മിക്ക ആളുകൾക്കുമെതിരെ അവർ തന്നെ മറ്റുള്ളവരെക്കൊണ്ട് കൊടുപ്പിച്ച വിജിലൻസ് കേസുകൾ നിലനിൽക്കുകയാണ്. പരസ്പരം കൊന്നൊടുക്കാനും, ടാർനിഷ് ചെയ്യാനും, ആത്മവീര്യം തകർക്കാനും വേണ്ടി ശ്രമം നടത്തുമ്പോൾ കഴിഞ്ഞ ഏഴ് മാസക്കാലമായി ഈ സർക്കാർ നോക്കുകുത്തിയെപ്പോലെ കണ്ടുകൊണ്ടിരിക്കുകയാണ്. സാധാരണ " Something is rotten in Denmark" എന്നാണ് പറയുന്നത്. എന്നാൽ ഇവിടെ " Everything is rotten in Secretariat" . ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ എല്ലാം ചീഞ്ഞ് നാറുകയാണ്. ഏത് ഡിപ്പാർട്ട്മെന്റിലാണ് കുഴപ്പമില്ലാത്തത്? മുഖ്യമന്ത്രി എങ്ങനെയാണ് ഇത്തരത്തിൽ മറുപടി പറഞ്ഞത്. കഴിഞ്ഞ ദിവസം പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഡി.ജി.പിയും അഡീഷണൽ ഡി.ജി.പിയും തമ്മിലുള്ള തർക്കം

അടിയുടെ വക്കിൽ വരെ എത്തിയെന്നുള്ള വാർത്ത അങ്ങ് വായിച്ചില്ലേ? എന്തെല്ലാം തർക്കമാണ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നടന്നുകൊണ്ടിരിക്കുന്നത്. ഏഴ് മാസമായി നടക്കുന്ന ഈ പരമ്പരയുടെ ഏറ്റവും അവസാനത്തെ എപ്പിസോഡാണ് ഇന്നലെ നടന്നത്. കൃഷി വകുപ്പ് ഡയറക്ടർ, ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടർ, ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി., പി.പി.എം. സെല്ലിന്റെ ഡയറക്ടർ തുടങ്ങിയ അഞ്ച് പ്രധാനപ്പെട്ട ചുമതലകൾ വഹിക്കുന്ന ശ്രീ. ബിജു പ്രഭാകർ, ഐ.എ.എസ്. ലീവിൽ പോകുകയാണ്. പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ. രാജു നാരായണ സ്വാമി മന:പൂർവ്വം തന്നെ വിജിലൻസ് കേസ്സിൽ കുടുക്കാൻ ശ്രമിക്കുന്നുവെന്നാണ് ശ്രീ. ബിജു പ്രഭാകറിന്റെ ആരോപണം. അതിന് ഡോ. രാജു നാരായണ സ്വാമി മറുപടി പറഞ്ഞത് എന്താണ്? ഈ സംസ്ഥാന സർക്കാരിലെ സീനിയർ ഐ.എ.എസ്. ഉദ്യോസ്ഥൻ ശ്രീ. ബിജു പ്രഭാകർ അഴിമതിക്കാരനാണ്, ഞാൻ അയാളെ നിലയ്ക്കുനിർത്തും എന്നാണ് പറഞ്ഞത്. ശ്രീ. ബിജു പ്രഭാകർ ചുമതല വഹിക്കുന്ന അഞ്ച് പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനാണ് ഡോ. രാജു നാരായണ സ്വാമി. ഒരു വർഷം 2,000 കോടി രൂപയുടെ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന

മേഖലകളാണ് ഈ അഞ്ച് പ്രധാനപ്പെട്ട ഏജൻസികൾ. അതിന്റെ പ്രവർത്തനം മുഴുവൻ അവതാളത്തിലായിരിക്കുന്നു. കൃത്യമായി യോഗങ്ങൾ ചേരുന്നുണ്ടോ; കൃത്യമായി തീരുമാനങ്ങൾ എടുക്കുന്നുണ്ടോ; ഇവർ തമ്മിലുള്ള തർക്കം തുടങ്ങിയിട്ട് എത്ര നാളായി; തുടങ്ങിയ കാര്യങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അന്വേഷിക്കണം. എല്ലാ തെളിവുകളും തന്റെ കയ്യിലുണ്ടെന്നാണ് ഡോ. രാജു നാരായണ സ്വാമി പറഞ്ഞത്. പ്രധാനപ്പെട്ട അഞ്ച് ഏജൻസികളുടെ ചുമതല വഹിക്കുന്ന കൃഷി വകുപ്പ് ഡയറക്ടറായ ശ്രീ. ബിജു പ്രഭാകറിന്റെ ഐ.എ.എസ്. വരെ വ്യാജമാണെന്ന് ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ പറയുമ്പോൾ അത് നിസ്സാരമായി കാണുന്ന ഒരു മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളതെന്നുള്ളത് ദൗർഭാഗ്യകരമാണ്. തന്റെ വകുപ്പിൽ വ്യവസായ വകുപ്പുമന്ത്രിയുടെ പി.എസ്.-ന്റെ ഭാര്യയെ അനധികൃതമായി നിയമിച്ചുവെന്ന ആരോപണവുമുണ്ട്. ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ സ്വജനപക്ഷപാതം കാണിച്ചുവെന്നുള്ള ആരോപണം ശരിയാണോയെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. "വിശദീകരണം തേടും. പ്രകൃതിചികിത്സയ്ക്കുവേണ്ടിയാണ് അവധിയെടുക്കുന്ന തെന്നാണ് ശ്രീ. ബിജു പ്രഭാകർ പറഞ്ഞത്. ഇക്കാര്യം പൊതുവേദിയിൽ ചർച്ച ചെയ്യേണ്ടതല്ല. അത് സർക്കാരിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം സർക്കാരുമായി ബന്ധമില്ലാത്തതാണ്.

അതിനാൽ കൂടുതൽ ചർച്ചയില്ല" എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ഇത് സർക്കാരുമായി ബന്ധമില്ലാത്ത വിഷയമാണോ; ഇത് ഡോ. രാജു നാരായണ സ്വാമിയുടേയും ശ്രീ. ബിജു പ്രഭാകറിന്റേയും വീട്ടിലെ വിഷയമാണോ; ഇത് ഈ സർക്കാരുമായി ബന്ധപ്പെട്ട വിഷയമല്ലേ? "അഴിമതിക്കെതിരായി അന്ത്യശ്വാസം വരെ പോരാടും. സന്ദർശന വിസയിൽ വന്ന വിദേശിക്ക് ഒരു ലക്ഷം രൂപവരെ നൽകണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു. ഇതിനെതിരെ കുറിപ്പെഴുതിയ ഡെപ്യൂട്ടി ഡയറക്ടറെ ആലപ്പുഴയിലേയ്ക്ക് സ്ഥലം മാറ്റി" എന്നാണ് ഡോ. രാജു നാരായണ സ്വാമി പറയുന്നത്. കൃഷി വകുപ്പിനെതിരായി പ്രതിപക്ഷം അഴിമതി ആരോപണം ഉന്നയിച്ചോ? അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ തന്നെയാണ് സ്വന്തം വകുപ്പിനെതിരായി ആരോപണം ഉന്നയിക്കുന്നത്. ഈ സർക്കാരിന് ഒരു കുഴപ്പവുമില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഇന്നലെ ശ്രീ. എം. എം. മണിയുടെ ഒരു പ്രസ്ഥാവന വന്നു - "നിരോധന ഉത്തരവുമായി വന്ന കളക്ടറോട് പോയി വേറെ പണി നോക്കാൻ പറഞ്ഞത് വളരെ നന്നായെന്ന് മന്ത്രി എം. എം. മണി. പോളച്ചിറ ഏലായിൽ വെള്ളം വറ്റിക്കുന്നത് നിരോധിച്ച കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവ് ലംഘിച്ചതിനെ സംബന്ധിച്ചായിരുന്നു മന്ത്രിയുടെ പരാമർശം. ജില്ലാ കളക്ടറുടെ ഉത്തരവ് ലംഘിച്ച ആളുകളെ മന്ത്രി അഭിനന്ദിക്കുന്നു.

എന്തൊരു സർക്കാരാണിത്. എന്നിട്ട് പരസ്യം കൊടുത്തതുകൊണ്ട് മാത്രം കാര്യമുണ്ടോ? 'നമുക്ക് ഒരുമിച്ച് മുന്നേറാം, സർക്കാർ ഒപ്പമുണ്ട്'. ഇന്നലത്തെ എല്ലാ പത്രങ്ങളിലും പരസ്യം വന്നു. പാർപ്പിട പദ്ധതിയെക്കുറിച്ചാണ് പരസ്യം. പ്രായമായ രണ്ട് ആളുകളുടെയും രണ്ട് കുഞ്ഞുങ്ങളുടെയും പടം കാണിച്ചിട്ടുണ്ട്. (പത്രത്തിലെ പ്രസ്തുത പടം ഉയർത്തിക്കാണിച്ചു). ഇത് എറണാകുളം ജില്ലയിലെ ചെറായിയിൽ മുനമ്പം ബീച്ച് റോഡിലുള്ള മോഹനന്റേയും സുമതിയുടേയും കൊച്ചുമക്കളുടേയും ചിത്രമാണ്. എന്തായാലും ഈ സർക്കാർ അവർക്ക് വീട് കൊടുത്തിട്ടില്ല. അവർ ജില്ലാ ബാങ്കിൽ നിന്ന് നാലര ലക്ഷം രൂപ കടമെടുത്ത് വീടുപണി പൂർത്തിയാക്കി. രണ്ടാഴ്ചമുമ്പ് അതിന്റെ വീട് താമസമായിരുന്നു. അവരുടെ പടം കൊടുത്തിട്ട് അവർക്ക് വീട് കൊടുക്കുമെന്ന് ഈ സർക്കാർ പറയുന്നത് എന്തൊരു ദയനീയമാണ്. എന്താണ് ഈ സർക്കാരിൽ നടക്കുന്നത്?

ഈ പ്രശ്നങ്ങൾ സർക്കാരിനെ ബാധിച്ചില്ലെന്ന് മന്ത്രിയും മുഖ്യമന്ത്രിയും പറയുന്നു. 07.07.2016-ന് ഹോർട്ടികോർപ്പിന്റെ ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രം മന്ത്രി സന്ദർശിച്ചു. തമിഴ്നാട്ടിൽനിന്നും വരുന്ന പച്ചക്കറി കണ്ട് മന്ത്രി ഞെട്ടി. ഉടൻതന്നെ നടപടിയെടുത്തു. ഹോർട്ടികോർപ്പിന്റെ എം.ഡി.-യേയും രണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് ഇതുമുഴുവൻ

വാങ്ങിയിരുന്നത് ഇങ്ങനെയാണെന്നും ഇതിനെതിരെ നടപടിയെടുക്കുമെന്നും പറഞ്ഞു. അഭിനന്ദിക്കാൻ വേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഫോണിൽ വിളിച്ചിട്ട് കിട്ടിയില്ല. കാരണം ഈ വിഷ പച്ചക്കറി ഹോർട്ടികോർപ്പ് വഴി വേണ്ടല്ലോ? മേയ് 17-ാം തീയതി ന്യൂസ് 18 ചാനലിൽ വാർത്ത ടെലികാസ്റ്റ് ചെയ്തു. മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായ ശ്രീമതി ഗീതാ ഗോപിനാഥിന്റെ അച്ഛൻ ഗോപിനാഥ് കർണ്ണാടകയിൽനിന്നും അയയ്ക്കുന്ന പച്ചക്കറികളാണ് വന്നുകൊണ്ടിരിക്കുന്നത്. അത് തികയാതെ വരുമ്പോൾ ചാല കമ്പോളത്തിലെ ഒരു കടയിൽനിന്നും പച്ചക്കറി വാങ്ങും. ഈ വാർത്ത വന്നുകഴിഞ്ഞപ്പോൾ 24 മണിക്കൂറിനകം നടപടിയെടുക്കുമെന്നും ഇതിന്റെ റിപ്പോർട്ട് വാങ്ങുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എത്ര ദിവസമായി; റിപ്പോർട്ട് എന്തെങ്കിലും കിട്ടിയോ? ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല, ഒരു നടപടിയും എടുത്തിട്ടില്ല. ഇതുസംബന്ധിച്ച് ഫിനാൻസിന്റെ ഇൻസ്പെക്ഷൻ വിംഗ് കൊടുത്ത റിപ്പോർട്ട് അവിടെ ഇരിക്കുകയാണ്. അതിനുമീതെ ആരോ കയറിയിരിക്കുകയാണ്. ഇതൊക്കെയാണ് ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്നത്. ശ്രീ. ഗോപിനാഥിന് കറക്ട് പേമെന്റാണ്. ഒറ്റ പൈസ ബാക്കിയില്ല. വട്ടവടയിലെ സൊസൈറ്റികളിൽ പച്ചക്കറികൾ കെട്ടിക്കിടക്കുകയാണ്. എട്ട് മാസമായി അവർക്ക് പൈസ കൊടുക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് വിഷയത്തിൽനിന്നും മാറിപ്പോകുന്നു. ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കമല്ലേ അടിയന്തരപ്രമേയത്തിന്റെ വിഷയം. കൃഷി വകുപ്പിലെ അഴിമതിയല്ല അങ്ങ് എഴുതി തന്നിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അത് പറയുന്നത് ശരിയല്ല. എന്റെ നോട്ടീസ് വായിച്ചുനോക്കണം. ഈ തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്നാണ് നോട്ടീസിൽ പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ: കൃഷി വകുപ്പിലെ അഴിമതിയല്ല വിഷയം. ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കമാണ് എഴുതിതന്നിട്ടുള്ളത്. ആ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അഴിമതി ആരോപണം ഉന്നയിച്ചില്ല. അങ്ങ് ഇങ്ങനെയൊരു ഇടപെടൽ നടത്തുന്നത് ശരിയല്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഏത് കാര്യവും സംസാരിക്കാം. പക്ഷേ തന്ന നോട്ടീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ തന്ന നോട്ടീസ് അങ്ങ് വായിച്ചുനോക്കൂ. ഈ തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്നാണ് എന്റെ നോട്ടീസിലുള്ളത്. വായിക്കാതെ അങ്ങ് പറയരുത്. ...(ബഹളം).........

ഞാൻ അഴിമതി ആരോപണമൊന്നും ഉന്നയിച്ചില്ല. .....(ബഹളം).........

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്...... ഇരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കെതിരായോ ഉദ്യോഗസ്ഥർക്കെതിരായോ ഒരു അഴിമതി ആരോപണവും ഉന്നയിച്ചില്ല. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു എന്ന എന്റെ നോട്ടീസിലെ ആക്ഷേപം ഞാൻ സബ്സ്റ്റാൻഷ്യേറ്റ് ചെയ്യുന്നു. അതിൽ അങ്ങ് ഇടപെടുന്നത് ശരിയല്ല.

മി. സ്പീക്കർ: ഉദ്യോഗസ്ഥന്മാർക്കിടയിലെ തർക്കം കൃഷി വകുപ്പിനെ ബാധിച്ചു എന്നുള്ളത് അങ്ങ് എഴുതിതന്നിട്ടുണ്ട്. പക്ഷേ അതിന്റെ പുറത്ത് അങ്ങ് വേറെ പല കാര്യങ്ങളിലേയ്ക്കും പോകുകയാണ്. അത് ശരിയല്ല. .....(ബഹളം)......... പ്ലീസ്......പ്ലീസ്..... അങ്ങ് സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എഴുതിത്തന്നത് വായിക്കാം. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളെ ഗൗരവതരമായി ഈ ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം ബാധിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ഏജൻസികളുടെ മീറ്റിംഗ് നടക്കുന്നില്ല. .....(ബഹളം).........

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്..... ഇരിക്കു. പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങാണ് പ്രശ്നമുണ്ടാക്കിയത്. ഇല്ലാത്ത പ്രശ്നമുണ്ടാക്കിയത് ബഹുമാനപ്പെട്ട ചെയറാണ്. ....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്..... ഇരിക്കൂ. എന്ത് പ്രശ്നമുണ്ടാക്കിയെന്നാണ് അങ്ങ് പറയുന്നത്. പ്ലീസ്......പ്ലീസ്..... ഇരിക്കൂ. ...(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ശ്രീമതി ഗീതാ ഗോപിനാഥിന്റെ അച്ഛൻ ഗോപിനാഥിനെക്കുറിച്ച് പറഞ്ഞതാണ് നിങ്ങൾക്ക് പൊള്ളിയതെങ്കിൽ ഞാൻ അത് പറയുന്നില്ല. ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്......ഇരിക്കൂ.....പ്ലീസ്.....

ശ്രീ. ഇ. പി. ജയരാജൻ: സർ, ചെയറിനെ ഇങ്ങനെ സമ്മർദ്ദത്തിലാക്കാൻ പറ്റില്ല. ......(ബഹളം)......(മൈക്ക് ഓഫ്) ശ്രീ. വി. ഡി. സതീശൻ എപ്പോഴും ചെയറിനെ സമ്മർദ്ദത്തിലാക്കാനാണ് ശ്രമിക്കുന്നത്. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്......ഇരിക്കൂ.....പ്ലീസ്.....ഇരിക്കൂ. ...(ബഹളം)... എന്താണ് പ്രശ്നം. .....(ബഹളം).... നിങ്ങളെല്ലാവരും അഭിപ്രായം പറയുന്നതുപോലെ ശ്രീ. ഇ. പി. ജയരാജനും അഭിപ്രായം പറഞ്ഞു. അത്രയല്ലേയുള്ളൂ. .....(ബഹളം)..... ദയവായി ഇരിക്കൂ. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. പ്ലീസ്......പ്ലീസ്......ഇരിക്കൂ..... പ്ലീസ്......പ്ലീസ്... ....(ബഹളം)... പ്ലീസ്.... നിങ്ങൾ

ഇരിക്കൂ. പ്ലീസ്......പ്ലീസ്......ഇരിക്കൂ.... മാസങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവമാണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്. അതാണ് ഈ പ്രകോപനമുണ്ടാക്കിയത്. ....(ബഹളം)... കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കിടയിലുണ്ടായ തർക്കവുമായി ബന്ധപ്പെട്ട് പറയുമ്പോൾ മാസങ്ങൾക്കുമുമ്പുണ്ടായ കാര്യം അങ്ങ് എടുത്തുപറഞ്ഞതാണ് തർക്കമുണ്ടായത്. അടിയന്തരപ്രാധാന്യമുള്ള വിഷയമായി അങ്ങ് അവതരിപ്പിച്ചത് അതാണ്. ....(ബഹളം)... നോട്ടീസിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നാണ് ചെയർ പറഞ്ഞത്. ....(ബഹളം)... പ്ലീസ്....പ്ലീസ്.... ഇരിക്കൂ. പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഒരു മെമ്പർ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ അദ്ദേഹത്തിന് ആ വസ്തുത സമർത്ഥിക്കാനായി ചില കാര്യങ്ങൾ ഉന്നയിക്കേണ്ടിവരും. അതിന് അങ്ങ് ഇടപെട്ടതാണ് ഇവിടെ ഈ പ്രകോപനമുണ്ടാക്കിയത്. അല്ലാതെ ഒരു പ്രശ്നവും ഇവിടെയുണ്ടായില്ല. ഇത് ശരിയായ നടപടിയല്ല. ....(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത് ശരിയല്ല. ചെയർ ഇടപെടേണ്ട സമയത്ത് ഇടപെടണ്ടേ? ....(ബഹളം)... നിങ്ങൾ

സമ്മർദ്ദത്തിലാക്കണ്ട. ....(ബഹളം)...

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: റൂൾ 50-ന് ചില നിബന്ധനകളുണ്ട്. ആ നിബന്ധനകൾ തെറ്റുമ്പോൾ അത് ഓർമ്മപ്പെടുത്തേണ്ട ബാദ്ധ്യത മാത്രമേ ചെയർ ചെയ്യുന്നുള്ളൂ. അതിന് പ്രകോപിതരാകേണ്ട കാര്യമില്ല. ....(ബഹളം)... ഇതിനുമുമ്പ് ഈ ചെയറിൽ ഇരുന്നവരും അത് ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ....(ബഹളം)... നിങ്ങൾ തീർത്തും അനാവശ്യമായിട്ടാണ് ഈ പ്രകോപനമുണ്ടാക്കുന്നത്. ....(ബഹളം)... ഒരു കാര്യവുമില്ലാത്ത കാര്യമാണ്. ....(ബഹളം)... ഏഴാമത്തെ മിനിട്ടിൽ നിർത്താൻ ഞാൻ പറഞ്ഞില്ലല്ലോ. ....(ബഹളം)... ഞാൻ നിർത്താൻ പറഞ്ഞിട്ടില്ല. ....(ബഹളം)... നോട്ടീസിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ പറഞ്ഞു. ....(ബഹളം)... അത് ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. പുതിയ കാര്യമല്ല. ....(ബഹളം)... നിങ്ങൾ അങ്ങനെ സമ്മർദ്ദത്തിലാക്കണ്ട. പ്ലീസ്.... പ്ലീസ്.... സീറ്റുകളിലേയ്ക്ക് പോകൂ. ....(ബഹളം)... നോട്ടീസിൽ ഒതുങ്ങിനിന്ന് സംസാരിക്കാനാണ് പറഞ്ഞത്. ....(ബഹളം)... പ്ലീസ്...... ഇടപെടേണ്ട സമയത്ത് ചെയർ ഇടപെടും. ....(ബഹളം)... ചട്ടത്തിൽ വേറെയും വകുപ്പുകളുണ്ട്. ....(ബഹളം)...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ശരിയല്ല. സ്പീക്കറെ ഇങ്ങനെ ഭീഷണിപ്പെടുത്തുന്നത് ശരിയായ രീതിയല്ല. ....(ബഹളം)...

മി. സ്പീക്കർ: ആവശ്യത്തിനും അനാവശ്യത്തിനും ഇവിടെവന്ന് ബഹളമുണ്ടാക്കുന്നത് മര്യാദയല്ല. .....(ബഹളം)... പ്ലീസ്.... പ്ലീസ്.... മുഖ്യമന്ത്രി സംസാരിക്കട്ടെ.....(ബഹളം)... പ്ലീസ്.... പ്ലീസ്...... ആരും അസ്വസ്ഥരാകണ്ട. ചെയറിലിരിക്കുമ്പോൾ സ്വാഭാവികമായും എല്ലാവരേയും തൃപ്തിപ്പെടുത്തുന്ന നില സ്വീകരിക്കാൻ സാദ്ധ്യമല്ല. ...(ബഹളം)... പ്ലീസ്.... പ്ലീസ്...... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ. ...(ബഹളം)... നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകൂ. ..(ബഹളം)... പ്ലീസ്...പ്ലീസ്..... മുഖ്യമന്ത്രി സംസാരിക്കുകയാണ്. പ്ലീസ്....പ്ലീസ്.....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്നുപോകുന്ന ഒരു സഭയാണ്. ഇവിടെ സ്പീക്കറെ ഭീഷണിപ്പെടുത്താനാണ് ഒരു കൂട്ടം ആളുകൾ അങ്ങയുടെ മുന്നിലേക്ക് വന്നത്. അങ്ങയുടെ നിലപാടിനെയാണ് ചോദ്യം ചെയ്യുന്നതായി കണ്ടത്. നിലപാടിൽ വിമർശനം തോന്നിയാൽ ചിലപ്പോൾ സഭ്യമായ ഭാഷയിൽ വിമർശിച്ചെന്നുവരും. എന്നാൽ എല്ലാ പരിധിയും വിട്ടുകൊണ്ടുള്ള ഒരു നടപടിയാണ് ഇവിടെയുണ്ടായത്. ഇത് നമ്മുടെ സഭയുടെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി

ബാധിക്കുന്ന ഒരു കാര്യമാണ്. ഉത്തരവാദപ്പെട്ട പ്രതിപക്ഷനേതാവും യു.ഡി.എഫ്.-ന്റെ മുതിർന്ന നേതാക്കളും ഇത് ഗൗരവമായി ആലോചിക്കേണ്ട ഒരു കാര്യമാണ്. ഇങ്ങനെ പോയാൽ സഭ എവിടെയെത്തും; ഇത് നമുക്ക് അനുവദിക്കുവാൻ പറ്റുമോ; ഇത്തരം രീതികൾ തുടരാൻ പറ്റുമോ; ഇത്തരം രീതികൾ തുടരുന്ന നിലപാട് അനുവദിക്കുന്നത് ശരിയാണോ? ഇത് പ്രതിപക്ഷനേതാവും അതേപോലെ യു.ഡി.എഫ്. നേതാക്കളും ചിന്തിക്കേണ്ടതാണ്. ഒരു കൂട്ടം ആളുകൾക്ക് എന്തുമാകാം എന്നുള്ള അവസ്ഥയുണ്ടാകാൻ പാടില്ല. ഇവിടെ വന്ന് അങ്ങേയ്ക്കെതിരെ പരുഷമായ വാക്കുകൾ വിളിച്ചുപറയുന്നതായി കേട്ടു. എന്താണ് പറഞ്ഞതെന്ന് ഞാൻ ആവർത്തിക്കുന്നില്ല. അത് നമ്മുടെ സഭയുടെ അന്തസ്സിന് ചേർന്നതല്ല. (........ബഹളം...... ) ആ രീതിയിൽ പെരുമറിയവരുടെ അന്തസ്സും ഇതിന്റെ ഭാഗമായി ഉയരുകയില്ലെന്ന് അവർ മനസ്സിലാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവമായ ഒരു വിഷയം... (........ബഹളം...... )

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... നിങ്ങൾ മിണ്ടാതിരിക്കൂ. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.... ചെയർ കൈകാര്യം ചെയ്തുകൊള്ളാം. നിങ്ങൾ ഇരിക്കൂ....

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

വളരെ ഗൗരവമായ ഒരു വിഷയം ഇവിടെ അവതരിപ്പിക്കുകയായിരുന്നു. പരസ്യമായ ആരോപണങ്ങളും വെല്ലുവിളികളും വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നു എന്ന് ഈ നോട്ടീസിനകത്ത് പറയുന്നുണ്ട്. ഒരു വിഷയം സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻവേണ്ടി അദ്ദേഹത്തിന് ചില ഉദാഹരണങ്ങൾ പറയേണ്ടി വരും. പ്രതിപക്ഷ മെമ്പർമാർ അടക്കം എല്ലാ മെമ്പർമാരെയും പ്രൊട്ടക്ട് ചെയ്യേണ്ടത് സ്പീക്കറാണ്. ശ്രീ. വി. ഡി. സതീശൻ അത് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻവേണ്ടി ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. അല്ലാതെ ആരുടെ പേരിലും അഴിമതിയാരോപണങ്ങൾ ഉന്നയിച്ചിട്ടില്ല. അങ്ങ് ആ സന്ദർഭത്തിൽ ഇടപെട്ടപ്പോഴാണ് മറ്റ് മെമ്പർമാർ ഇടപെടാൻ തുടങ്ങിയത്. ഞങ്ങൾ ഈ സഭയുടെ അന്തസ്സിനെ എന്നും പരിപാലിച്ചിട്ടുള്ള ആളുകളാണ്. അങ്ങേയ്ക്ക് പഴയ ചരിത്രം ഇല്ലാത്തതുകൊണ്ട് അറിയാൻ പാടില്ലാത്തതാണെന്നാണ് എന്റെ വിശ്വാസം. ഈ സഭയെയും സ്പീക്കറെയും ഞങ്ങൾ ഒരിക്കലും അവഹേളിച്ചിട്ടില്ല. കഴിഞ്ഞകാലത്തും അത്തരം അനുഭവങ്ങളുണ്ടായപ്പോൾ അതിനെ നിശിതമായി വിമർശിച്ചിട്ടുള്ളവരാണ് ഞങ്ങൾ. അന്നുണ്ടായ സംഭവങ്ങൾ ആവർത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. സഭയുടെ അന്തസ്സും സ്പീക്കറുടെ നിഷ്പക്ഷതയും നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

ഞങ്ങൾ അങ്ങയെ ചോദ്യം ചെയ്തിട്ടില്ല. എന്നാൽ ഇങ്ങനെയൊരു സംഭവം ഉണ്ടായപ്പോൾ ഞങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് ചെയ്തത്. ആ സന്ദർഭത്തിലാണ് ഇവിടെ അനാവശ്യമായ ബഹളമുണ്ടായത്. ബഹുമാന്യനായ സഭാനേതാവ് അവരെക്കൂടി നിയന്ത്രിക്കേണ്ടതായിരുന്നു. ഞങ്ങളുടെ അംഗങ്ങൾ പ്രകോപിതരായാൽ ഞാൻ നിയന്ത്രിക്കാറുണ്ട്. സഭാ നേതാവെന്ന നിലയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഭരണകക്ഷിയിലുള്ള ആളുകൾ ബഹളമുണ്ടാക്കുമ്പോൾ ഒരിക്കൽപ്പോലും നിയന്ത്രിച്ച് ഞാൻ കണ്ടിട്ടില്ല. അങ്ങ് അവരെയും നിയന്ത്രിക്കണം. എന്നാൽ മാത്രമേ സഭ സുഗമമായി മുന്നോട്ടുപോകുകയുള്ളൂ എന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സാമാജികരുടെയെല്ലാം ഇച്ഛയ്ക്കും ഇഷ്ടത്തിനും അനുസരിച്ച് നിലപാട് സ്വീകരിക്കാൻ ചെയറിന് എപ്പോഴും സാധിക്കുകയില്ല. ചോദ്യോത്തരവേള മുതൽ ഓരോരുത്തരുടെയും താല്പര്യത്തിനനുസരിച്ച് നിന്നില്ലെങ്കിൽ ഓരോരുത്തരും ക്ഷുഭിതരാകുന്നതായാണ് കാണുന്നത്. ഇവിടെ ആവശ്യത്തിനും അനാവശ്യത്തിനും ചെയറിന്റെ മുന്നിൽ വന്ന് ആക്രോശിക്കുന്ന രീതി സ്വീകരിക്കുന്ന കുറച്ച് സാമാജികരുണ്ട്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം. ഈ റൂളിൽ അവകാശങ്ങളുള്ളതുപോലെ

ചെയറിന് അധികാരവുമുണ്ട്. 302 എന്ന അധികാരം പ്രയോഗിക്കാൻ ചെയറിന് സാധിക്കും എന്നുകൂടി മനസ്സിലാക്കണം. ഇവിടെ എഴുതിത്തന്ന അടിയന്തരപ്രമേയം ഒരു പ്രത്യേക വിഷയത്തെ കേന്ദ്രീകരിച്ചാണ്. ആ വിഷയം പറയുന്നതിനിടയിൽ മാസങ്ങൾക്ക് മുമ്പുള്ള ഒരു കാര്യം അദ്ദേഹം പറയാൻ ശ്രമിച്ചപ്പോൾ, വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുകയാണ് ചെയ്തത്. അത് ആദ്യത്തെ അനുഭവമല്ല; ഇതിനുമുമ്പും ചെയറിലിരിക്കുന്നവർ സ്വീകരിച്ചിട്ടുള്ള ഒരു നടപടിയാണ്. വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് ഓർമ്മപ്പെടുത്താനുള്ള അധികാരവും അവകാശവും ചെയറിനുണ്ട്. അത് ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. അപ്പോഴേയ്ക്കും ഏത് നിലയിലാണ് പെരുമാറിയതെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി മനസ്സിലാക്കുന്നത് നല്ലതാണ്. ഇത് നിർഭാഗ്യകരമാണ്. (.....ബഹളം...) ഇരുപക്ഷത്തിനും അവരവരുടെ പ്രസംഗങ്ങൾ നടത്താനും....(.....ബഹളം...) ഇതാണ് ഞാൻ പറഞ്ഞത് ഇപ്പോൾ ചെയ്യുന്നതുകണ്ടോ? (.....ബഹളം... ) ഇരുപക്ഷത്തിനും ആവശ്യമായ സംവാദം നടത്താനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയാണ് ചെയർ ചെയ്യേണ്ടത്. അതിനുള്ള പരമാവധി ശ്രമങ്ങൾ നടത്തുന്നുണ്ട്. നടപടിക്രമങ്ങൾ പാലിച്ചും പരമാവധി പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചും പ്രതിപക്ഷം

ആവശ്യപ്പെടുന്ന എല്ലാ സന്ദർഭങ്ങളിലും പരമാവധി സഹകരിച്ചും നിഷ്പക്ഷമായിട്ടുമാണ് നടപടികൾ നടന്നുപോകുന്നതെന്ന് അങ്ങേയ്ക്ക് നന്നായറിയാവുന്നതാണ്. ഇത് നന്നായി അറിയാവുന്ന ആൾ ഇത്തരം നിലപാട് പറയുന്നത് ശരിയല്ല. ശ്രീ. വി. ഡി. സതീശന് പ്രസംഗം പൂർത്തീകരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ നോട്ടീസ് തന്നിരിക്കുന്ന വിഷയത്തിൽപ്പെട്ട രണ്ട് ഉദ്യോഗസ്ഥർ, സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ഡോ. രാജു നാരായണസ്വാമി എക്സിക്യൂട്ടീവ് ചെയർമാനായും ബിജു പ്രഭാകർ ഐ.എ.എസ്. എം.ഡി.-യുമായിരിക്കുന്ന ഒരു സ്ഥാപനത്തെക്കുറിച്ച് മാസങ്ങൾക്ക് മുൻപല്ല, മെയ് 17-ാം തീയതിയിലെ പത്രത്തിൽ വന്നൊരു വാർത്തയെ സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതുസംബന്ധിച്ച് മന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടത് പരസ്പരം ആരോപണം ഉന്നയിക്കുന്ന ഈ ഉദ്യോഗസ്ഥരോടാണ്. 24 മണിക്കൂറുകൾക്കകം റിപ്പോർട്ട് നൽകുമെന്ന് പറഞ്ഞിട്ട് ഒരു ആഴ്ചയായിട്ടും റിപ്പോർട്ട് നൽകിയിട്ടില്ല. ആ വിഷയം പറയണ്ടേ; ഞാൻ വിഷയവുമായി ബന്ധപ്പെട്ടല്ലാതെ ഒരിക്കലും വിഷയത്തിന് പുറത്ത് സംസാരിക്കുന്ന ആളല്ല. വിഷയങ്ങളുമായി ബന്ധപ്പെട്ട് രാഷ്ട്രീയം പ്രസംഗിക്കാത്ത ആളാണ് ഞാൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇത് ശ്രദ്ധിക്കണം. ഈ രണ്ട് ഉദ്യോഗസ്ഥർ

തമ്മിലുള്ള തർക്കം കൃഷി വകുപ്പിനെ ഗൗരവമായി ബാധിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. പ്രധാനപ്പെട്ട യോഗങ്ങൾ നടക്കുന്നില്ല. ഒരു വർഷം രണ്ടായിരം കോടി രൂപയുടെ പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യേണ്ട ഡിപ്പാർട്ടുമെന്റും ഗവൺമെന്റ് ഏജൻസിയുമാണ്. ഒരാൾ മീറ്റിംഗ് വിളിച്ചു ചേർക്കണം മറ്റേയാൾ അത് ഇംപ്ലിമെന്റ് ചെയ്യണം. ഇവർ തമ്മിലുള്ള തർക്കം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. നാലഞ്ച് മാസക്കാലമായി ഇവർ തമ്മിലുള്ള തർക്കം ഉണ്ട്. അവർ തമ്മിൽ വഴക്കിട്ടാൽ നമുക്കെന്താ കുഴപ്പം; അവർ തമ്മിൽ വഴക്കിടുമ്പോൾ ഉണ്ടാകുന്ന ആരോപണ പ്രത്യാരോപണങ്ങൾ ഗവൺമെന്റിന്റെയും കൃഷിവകുപ്പിന്റെയും പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യുമ്പോൾ അത് ഇവിടെ ഉന്നയിക്കുന്നത് ഗൗരവമല്ലാത്ത വിഷയമാണോ? അതൊരു ഗൗരവമാർന്ന വിഷയമാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. ഉദ്യോഗസ്ഥർ തമ്മിൽ ഒരു കുഴപ്പവുമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. എല്ലാദിവസവും ഉദ്യോഗസ്ഥർ തമ്മിലുള്ള വഴക്കാണ്. ഞാൻ പത്രങ്ങളിലെ പ്രധാനപ്പെട്ട തലക്കെട്ടുകളൊന്നും വായിക്കുന്നില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിൽ വീണ്ടും അടി, വീണ്ടും പോരാട്ടം, വീണ്ടും ചക്കളത്തിൽ പോരാട്ടം എന്നുപറയുന്ന പ്രധാനപ്പെട്ട തലക്കെട്ടുകളാണ് എല്ലാ പത്രങ്ങളിലും ഉള്ളത്. കഴിഞ്ഞ ദിവസം നിങ്ങൾ പറഞ്ഞാൽ ഉദ്യോഗസ്ഥർ അനുസരിക്കുന്നില്ലല്ലോയെന്ന്

ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ മുഖ്യമന്ത്രി വല്ലാതെ ക്ഷുഭിതനായി. ഞങ്ങൾ പറഞ്ഞാൽ അനുസരിക്കും, അനുസരിക്കാത്ത ഒരു ഉദ്യോഗസ്ഥനും അവിടെ ഉണ്ടാകില്ലെന്ന് മുഖ്യമന്ത്രി വളരെ രൂക്ഷമായ ഭാഷയിൽ മറുപടി പറഞ്ഞു. ഞാൻ അവസാനിപ്പിക്കുകയാണ്. നാട്ടിൻപുറത്ത് ഒരു വർത്തമാനമുണ്ട്, ആണ്ടി വലിയ അടിക്കാരനാണ് എല്ലാവരെയും അടിക്കും, വെരട്ടും എല്ലാവർക്കും ആണ്ടിയെ ഭയങ്കര പേടിയാണ്. ആരാണ് ഇത് പറഞ്ഞത്; ആണ്ടി തന്നെയാണ് ഇത് പറഞ്ഞത്. അല്ലാതെ എല്ലാവരെയും വെരട്ടുന്നതോ പേടിപ്പിക്കുന്നതോ അവർക്ക് ഏശുന്നില്ല. അങ്ങ് നിയമസഭയിൽ രൂക്ഷമായി പ്രതികരിച്ചുകൊണ്ട് പറഞ്ഞ വാചകം, സർക്കാർ പറയുന്നത് കേൾക്കാത്ത ഒരു ഉദ്യോഗസ്ഥനും അവിടെ ഇരിക്കില്ലെന്നുള്ള മുഖ്യമന്ത്രിയുടെ വാക്ക് കേട്ടിരുന്നെങ്കിൽ ഇന്നലെ ഈ രണ്ട് ഉദ്യോഗസ്ഥർ പത്രത്തിലും ടി.വി. ചാനലിലും തോന്നിയതുപോലെ പറയുമോ; ഒരു ഐ.എ.എസ്.-കാരൻ പറയുന്നത് മറ്റേ ഐ.എ.എസ്.-കാരൻ കള്ള ഐ.ഐ.എസ്.-കാരനാണെന്നാണ്. ഇത് നിസ്സാരമായ കാര്യമാണോ; എന്റെ താഴെയുള്ള ഉദ്യോഗസ്ഥർ അഴിമതി നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറും പറയുന്നത്. അഴിമതിയാണ്, ഞാൻ അഴിമതിക്കെതിരായി പോരാട്ടുമെന്ന് ഒരു ഉദ്യോഗസ്ഥൻ

പറയുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സെക്രട്ടറിയുടെ ഭാര്യയെ അനർഹമായി irregular appointment നടത്തിയെന്ന് ആരോപണം ഉന്നയിക്കുന്നത് ആരാണ്; ഗവൺമെന്റിന്റെ ഒരു പ്രിൻസിപ്പൽ സെക്രട്ടറി ഉന്നയിക്കുന്നു. ശരിയാകാം, തെറ്റാകാം, പക്ഷെ ഇങ്ങനെയുള്ള ആരോപണങ്ങൾ പുറത്തുവന്നിട്ട് വിളിച്ച് പറയുമ്പോൾ അങ്ങയെ ആർക്കെങ്കിലും പേടിയുണ്ടാകുമോ; ഒരാൾക്കും പേടിയില്ല. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ഒരു ഉദ്യോഗസ്ഥനും പേടിയില്ല. അതാണ് ഒരു വർഷം പൂർത്തിയാകുമ്പോഴുള്ള സ്ഥിതി. ആണ്ടി വലിയ അടിക്കാരനാണെന്ന് ആണ്ടി മാത്രം പറഞ്ഞാൽ പോരാ. ഈ വിഷയം ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ വി.ഡി. സതീശൻ രണ്ടുമൂന്നു കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഏതോ ഒരു ആണ്ടിയെ പരിചയപ്പെട്ടതിന്റെ കാര്യവും അക്കൂട്ടത്തിൽ പറയുകയുണ്ടായി. വിടുവായനായ ഏതോ ഒരു ആണ്ടിയെ പരിചയപ്പെട്ടതിന്റെ രീതി തന്നെയാണ് ഇതിനകത്തും സ്വീകരിച്ചിട്ടുള്ളത്. ആണ്ടിയെ മാതൃകയാക്കാൻ പുറപ്പെടണ്ട. അങ്ങനെയുള്ള വിടുവായന്മാർ പലരും നമ്മുടെ നാട്ടിൽ ഉണ്ടാകാറുണ്ട്. വിടുവായന്മാർക്കുള്ള ഏറ്റവും വലിയ പ്രത്യേകത അവർ എന്താണോ ഉദ്ദേശിക്കുന്നത് അതല്ല പറയുക.

മറ്റുകാര്യങ്ങൾ പറയാനാണ് ശ്രമിക്കുന്നത്. ആണ്ടിയുമായുള്ള പരിചയത്തിൽ നിന്ന് ആണ്ടിയെ മാതൃകയാക്കാൻ ബഹുമാന്യനായ വി. ഡി. സതീശനും പുറപ്പെടുന്നുണ്ടോയെന്നൊരു സംശയമാണ്. ഏതായാലും ആ പരിചയത്തിൽ നിന്നും ആ ഒരു സ്വഭാവം കുറച്ചൊന്ന് കടന്നുകൂടിയിട്ടുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് ആരും എതിർക്കാത്തൊരു കാര്യത്തെ അദ്ദേഹം ഇവിടെ എതിർക്കാൻ തയ്യാറായത്. കേരളത്തിൽ, ഈ മണ്ണിൽ ജീവിക്കുന്നയൊരാളും ഇതേവരെ എതിർക്കാത്തൊരു കാര്യത്തെ എതിർക്കാൻ അദ്ദേഹം ഇതിലൂടെ തയ്യാറായി. നമ്മുടെ നാട്ടിലുള്ള ഒരു കൂട്ടം ഹതഭാഗ്യർ വീടില്ലാത്തവരാണ്. അവർക്ക് വീട് വച്ചു നൽകുന്നൊരു പരിപാടി, ആ പരിപാടിയെയും ഇവിടെ അപഹസിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അതുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ എന്താണ്? ഏതോ ഒരു പേര് പറഞ്ഞു. ആ പേരുകാർക്ക് വീട് കൊടുത്തിരിക്കുന്നുവെന്നല്ലേ ഇവിടെ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് ആളുകൾ വീടില്ലാത്തവരുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. അവർക്ക് വീട് നൽകാനുള്ളൊരു പദ്ധതിയാണിത്. കേവലമായൊരു സർക്കാർ പരിപാടിയല്ല നാടിന്റെയൊരു പരിപാടിയെന്ന നിലയ്ക്ക് നമ്മൾ നടപ്പാക്കുന്നൊരു പരിപാടിയാണിത്. എല്ലാവരും

അതിനെ സ്വാഗതം ചെയ്യുകയാണ്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് അതിനെ എതിർക്കണമെന്ന് തോന്നിയത്; ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ഈ വിഷയം എങ്ങനെയാണ് ബന്ധപ്പെടുന്നത്; രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഏതെങ്കിലും പത്രത്തിൽ പരസ്യമായി വന്നെങ്കിൽ അതും ഈ പരസ്യവുമായി എന്താണ് ബന്ധം; അതും ലൈഫ് പദ്ധതിയുമായി എന്താണ് ബന്ധം; സാധാരണ കാര്യങ്ങൾ നല്ല രീതിയിൽ അവതരിപ്പിക്കുന്നതായിട്ടാണ് കാണാറുള്ളത്. ഇന്നെന്തോ പുറപ്പെട്ടത് ഒരു മോശമായ രീതിയിലാണ് വന്ന് ഭവിച്ചിട്ടുള്ളത്. ഇവിടെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കിടയിലോ ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിലോ ഉള്ള ഒരു അഭിപ്രായവ്യത്യാസവും നമ്മുടെ സംസ്ഥാനത്തെ ഭരണ നടപടികളെ പ്രതികൂലമായി ബാധിക്കത്തക്ക രീതിയിൽ ഉയർന്നു നിൽക്കുന്നേയില്ല. ഇവിടെ പലപ്പോഴും മാപ്പപേക്ഷയുടെ കാര്യം പറയുന്നുണ്ട്. ചീഫ് സെക്രട്ടറി സുപ്രീംകോടതിയുടെ മുന്നിൽ മാപ്പപേക്ഷ കൊടുത്തുവെന്ന് പറയുന്നുണ്ട്. ഞാൻ അങ്ങേയ്ക്ക് എത്ര മാപ്പപേക്ഷയാണ് എഴുതി തന്നിട്ടുള്ളത്. ബഹുമാനപ്പെട്ട എല്ലാ മന്ത്രിമാരും താമസിച്ചാൽ എഴുതികൊടുക്കുന്നത് അതിദയനീയമായ ഭാഷയിലാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: ആ രീതിയിലാണോ ശ്രീമതി നളിനി നെറ്റോ

സുപ്രീംകോടതിയിൽ മാപ്പപേക്ഷ എഴുതി കൊടുത്തത്?

ശ്രീ. പിണറായി വിജയൻ: നിയമസഭയിലായാലും കോടതിയിലായാലും നാം സ്വീകരിക്കുന്ന പൊതുവായ സമീപനമുണ്ട്. കാലതാമസം വന്ന കാര്യം മാപ്പാക്കിത്തരണമെന്ന് സ്പീക്കറോട് അപേക്ഷിക്കുന്നു. അത് അതിഭയങ്കരമായ കുറ്റം ചെയ്തതിന്റെ മാപ്പപേക്ഷയല്ല. സാധാരണ നടപടിക്രമത്തിന്റെ ഭാഗമായുള്ള ഒരു രീതിയാണ്. അത്തരമൊരു നിലപാട് കോടതിയിലും സ്വീകരിക്കാറുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, സാധാരണ ഗതിയിൽ ഒരാൾ താമസിച്ചാൽ താമസിച്ചുപോയി, ക്ഷമിക്കണമെന്ന് പറയും. ഇത് അതല്ലല്ലോ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ചീഫ് സെക്രട്ടറി നിരുപാധികം മാപ്പ് ചോദിക്കുകയാണുണ്ടായത്. എന്തുകൊണ്ടാണ് അങ്ങ് അത് അംഗീകരിക്കാത്തത്?

ശ്രീ. പിണറായി വിജയൻ: കോടതിക്ക് കോടതിയുടേതായ ഒരു രീതിയുണ്ട്. കോടതിയിൽ നാം ഉപയോഗിക്കുന്ന ചില പദങ്ങളുണ്ട്. അത് ആ നിലയ്ക്ക് കാണാൻ കഴിയണം. ഇപ്പോൾ സെക്രട്ടേറിയറ്റിൽ ആകെ ചീഞ്ഞുനാറുകയാണ് എന്നുപറയുന്ന ഒരവസ്ഥയും നിലനിൽക്കുന്നില്ല. സെക്രട്ടേറിയറ്റിന്റെ കാര്യങ്ങൾ ഭദ്രമായിത്തന്നെ പോകുകയാണ്. ഭരണസിരാകേന്ദ്രമെന്ന നിലയ്ക്ക് നല്ല രീതിയിൽതന്നെ കാര്യങ്ങൾ

നീങ്ങിപോകുന്നു. ഒരുതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും ഭരണനടപടികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഉയർന്നുവന്നിട്ടില്ല. അത്തരത്തിൽ അതിനെ കാണേണ്ടതായിട്ടില്ല. ഇവിടെ രണ്ട് ഉദ്യോഗസ്ഥർ, അവർ രണ്ടാളും പ്രധാനപ്പെട്ടവരും നമുക്കെല്ലാവർക്കുമറിയാവുന്നവരുമാണ്. ഡോ. ബിജു പ്രഭാകറും ശ്രീ. രാജു നാരായണസ്വാമിയും ഇന്നലെ വന്നവരല്ല. ദീർഘകാലമായി സർവ്വീസിൽ ഇരിക്കുന്നവരാണ്. അവർ തമ്മിൽ എന്തോ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായതിന്റെ ഭാഗമായി ഇന്നത്തെ കാലത്ത് പലതും പത്രങ്ങളിൽ വരുന്നതായതുകൊണ്ട് അതും മാധ്യമങ്ങളിൽ വന്നുവെന്നത് ഒരു വസ്തുതയാണ്. അത് ഏതെങ്കിലും തരത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമല്ല. ഇക്കാര്യത്തിൽ കൃഷി വകുപ്പുമന്ത്രി ശരിയായ രീതിയിൽ തന്നെ ഇടപെട്ടിട്ടുണ്ട്. രണ്ടുപേരിൽ നിന്നും വിശദീകരണം വാങ്ങുന്ന നിലപാടിലേക്ക് പോകുന്നുണ്ട്. ഇത് ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഒരു തരത്തിലും നമ്മുടെ ഭരണനടപടികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള കരുതൽ കൃഷിവകുപ്പുമന്ത്രി തന്നെ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അവർ പറഞ്ഞുവെന്ന് പറഞ്ഞ് റിപ്പോർട്ട് ചെയ്ത കാര്യങ്ങളുടെ വിശദാംശങ്ങളിലേക്ക് നമ്മൾ ഇപ്പോൾ കടന്നുപോകേണ്ട കാര്യമില്ലെന്നാണ്

എനിക്ക് തോന്നുന്നത്.

ഇവിടെ കൃഷി  വകുപ്പിന്റെ കാര്യങ്ങൾ ഫലപ്രദമായിതന്നെ നീങ്ങുകയാണ്. അതിൽ ഗീതാ ഗോപിനാഥിനെ വിമർശിക്കണ്ട. സാമ്പത്തിക കാര്യങ്ങളിൽ എന്തെങ്കിലുമുണ്ടെങ്കിൽ അതിൽ തെറ്റില്ല. പക്ഷേ അതിൽ അവരുടെ അച്ഛനെ പറയേണ്ട കാര്യമുണ്ടോ എന്നതാണ് എനിക്ക് ചോദിക്കാനുള്ളത്. 'ഗീതാ ഗോപിനാഥിന്റെ അച്ഛൻ' എന്ന് പറയുന്നത് കേട്ടു. എന്തിനാണ് അങ്ങനെയൊക്കെ ഒരു നിലപാട് ഇതിന്റെ ഭാഗമായി സ്വീകരിച്ചത് എന്ന് എനിക്കെത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇനി ഈ പറയുന്നയാൾ എന്തെങ്കിലും നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ നിയമം അതിന്റെ വഴിക്ക് പൊയ്ക്കോട്ടെ. അതിലൊന്നും നമുക്ക് പ്രശ്നമില്ല. അങ്ങനെ ആരെയും സംരക്ഷിക്കാനല്ലല്ലോ നമ്മൾ നിലകൊള്ളുന്നത്. പക്ഷേ എന്തിനാണ് ആ നിലപാട് ഇതിന്റെ ഭാഗമായി സ്വീകരിച്ചത്. അതാണ് ഞാൻ തുടക്കത്തിൽ പറഞ്ഞ വിഷയദാരിദ്ര്യത്തിന്റെ പ്രശ്നം. ബഹുമാന്യനായ അംഗം കാര്യങ്ങൾ അറിയാത്ത ആളല്ല. ഇത് അവതരിപ്പിച്ചാൽ അത്രകണ്ട് ഏശില്ല എന്ന് അദ്ദേഹത്തിനുതന്നെ നിശ്ചയമായിരുന്നു. അപ്പോൾ വേറെ വഴിക്ക് പോയി.  വിഷയത്തിന് ബലംകൂട്ടാൻ മറ്റ് ചില കാര്യങ്ങൾ കൂടി ഏറ്റെടുക്കുന്ന നിലയാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. അതുകൊണ്ട് അദ്ദേഹത്തിന്റെ

അവതരണത്തിൽ നിന്നുതന്നെ ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന മറ്റൊരു രംഗം എന്നതല്ലാതെ ഇതിൽ മറ്റൊന്നുമില്ലല്ലോ? യഥാർത്ഥത്തിൽ ആ രംഗം ഒഴിവാക്കിയാൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നം നിലനിൽക്കുന്നുണ്ടോ? അതിനാൽ ഈ വിഷയം ഒരു തരത്തിലും സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ. രാജു നാരായണസ്വാമിയും ഡയറക്ടർ ശ്രീ. ബിജു പ്രഭാകറും തമ്മിൽ ഉണ്ടായിട്ടുള്ള തർക്കമാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. അതിൽ പലതും വ്യക്തിപരമായ ആക്ഷേപങ്ങളാണ്. അതിനെ സംബന്ധിച്ച് ഗൗരവമായ ചർച്ച നടത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഇതുമൂലം കൃഷി വകുപ്പിന്റെ ഒരു പ്രവർത്തനങ്ങളേയും ബാധിക്കാതിരിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഒരു കാരണവശാലും ഈ രീതിയിലുള്ള ഒരു തർക്കത്തിന്റെ പേരിൽ കൃഷി വകുപ്പിന്റെ ഒരു പ്രവർത്തനവും തടസ്സപ്പെടാൻ പോകുന്നില്ലെന്നുമാത്രമല്ല, കൂടുതൽ നല്ല നിലയിൽ കൃഷിവകുപ്പ് മുന്നോട്ട് പോകുമെന്ന കാര്യം കൂടി ഞാൻ ഈ സഭയിൽ മുന്നറിയിപ്പ് നൽകുന്നു. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച ചില കാര്യങ്ങളുണ്ട്,

..............

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഒരു ഗവൺമെന്റിന്റെ അവസാന വാക്ക് പറയേണ്ടത് മുഖ്യമന്ത്രിയാണ്.

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയം നോട്ടീസ് നൽകിയത് മുഖ്യമന്ത്രിക്കായതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ വകുപ്പുമന്ത്രിക്ക് വിശദീകരണം നൽകണ്ടേ?

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: വളരെ സീനിയർ അംഗമായ അങ്ങേയ്ക്ക് ഇതൊക്കെ അറിയാവുന്നതല്ലേ? വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഭാര്യയെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. അവർ കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടറായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളാണ്. അവർക്ക് അഡീഷണലായി ചാർജ്ജ് കൊടുത്തിരിക്കുകയാണ്. ഇന്ന് ഹോർട്ടികോർപ്പിനെ സംബന്ധിച്ച് മലയാള മനോരമയിൽ വന്നിരിക്കുന്ന വാർത്ത അങ്ങ് വായിച്ചിരിക്കുമല്ലോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തമിഴ്നാട്ടിൽ നിന്നും പച്ചക്കറി വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടിനെപ്പറ്റിയാണത്. ഈ വിഷയം ഗവൺമെന്റ് ഗൗരവമായി എടുക്കുകയുണ്ടായി. അങ്ങ് പറഞ്ഞതുപോലെ ഫിനാൻസ് വിംഗിന്റെ റിപ്പോർട്ട് ഈ ഭാഗത്തുനിന്നുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ

ഹോർട്ടികോർപ്പും ഡിപ്പാർട്ട്മെന്റും വി.എഫ്.പി.സി.കെ.-യും triangle രീതിയിൽ പോകണമെന്ന് തീരുമാനിക്കുകയും ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരിൽ പലർക്കും ചാർജ്ജ് കൊടുത്തുകൊണ്ട് സ്ട്രീംലൈൻ ചെയ്യുന്നതിനുമുള്ള നടപടിയാണ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിൽ നിന്നും പച്ചക്കറിയെടുക്കുകയില്ല എന്ന തീരുമാനമൊന്നും ഈ ഗവൺമെന്റ് എടുത്തിട്ടില്ല. ഇപ്പോൾ 87 ഇനം പച്ചക്കറികൾ ഹോർട്ടികോർപ്പിന് ആവശ്യമാണ്. സഫിഷ്യന്റായി ഉണ്ടാക്കുന്ന 13 ഇനം പച്ചക്കറികൾ മാത്രമാണ് കേരളത്തിലുള്ളത്. ഭാഗികമായി ഉണ്ടാക്കുന്ന 24 ഇനങ്ങളും കേരളത്തിലുണ്ട്. ഈ ഇനങ്ങളെല്ലാം തന്നെ കൃഷിവകുപ്പ് വാങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ശ്രീമതി ഗീതാ ഗോപിനാഥിന്റെ അച്ഛനെപ്പറ്റി പറഞ്ഞ, റെയ്ഡ്കോ മിത്രയുടെ പർച്ചേസ് സംബന്ധിച്ച്.... ഹോർട്ടികോർപ്പ് നാല് മേഖലയിലേയും ഉദ്യോഗസ്ഥന്മാരുടെ കമ്മിറ്റിയിൽ വച്ചാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഏത് പച്ചക്കറി വാങ്ങണമെന്ന് തീരുമാനിക്കുന്നത്. അങ്ങനെ വാങ്ങുന്ന പച്ചക്കറികൾ, തമിഴ്നാട്ടിലേതാണെങ്കിൽ അങ്ങനെയും കേരളത്തിലേതാണെങ്കിൽ അങ്ങനെയും എഴുതിവച്ച്, ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ വിൽക്കുന്നു. ഇത് സുതാര്യമായി നടക്കുന്നു. ഇതിന്റെ ഭാഗമായി ഗവൺമെന്റ് കൊടുത്തിരിക്കുന്ന നിർദ്ദേശം കഴിയാവുന്നിടങ്ങളിൽ കൃഷിക്കാരുടെ

സംഘടനകളിൽനിന്നും സൊസൈറ്റികളിൽനിന്നും വാങ്ങേണ്ടതാണെന്നതാണ്. റെയ്ഡ്കോ മിത്ര എന്നത് ഒരു ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ്, ഒരു വ്യക്തിയുടെ സ്ഥാപനമല്ല. ആ സ്ഥാപനത്തിൽ നിന്നാണ് ഇത് വാങ്ങിക്കുന്നത്. പ്രൊസിഡ്യുവർ അനുസരിച്ചാണ് അത് ചെയ്തിരിക്കുന്നത്. മറ്റുരീതിയിൽ ഫേവർ ചെയ്തുകൊണ്ടല്ല ഇങ്ങനെ ചെയ്തിരിക്കുന്നത്.

ഉദ്യോഗസ്ഥരെ സംബന്ധിച്ച്, ഉദ്യോഗസ്ഥരുടെ ഉദ്ദേശ ശുദ്ധിയിലും ഉത്തമ വിശ്വാസത്തിലും.... അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള അനുവാദവും കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ അവർക്ക് കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവർ ചെയ്യുന്ന നല്ല കാര്യത്തെ പിന്തുണയ്ക്കും, ഉദ്യോഗസ്ഥരെ ഭയപ്പെടുത്തുന്ന നിലപാടല്ല ഈ ഗവൺമെന്റിനുള്ളത്. ആ നിലയ്ക്ക് ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തവും സ്വാതന്ത്ര്യവും അവർ ദുരുപയോഗപ്പെടുത്തുകയോ അവരുടെ ബിസിനസ്സ് റൂൾസ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയോ ചെയ്താൽ അത് ഗൗരവമായി കാണും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു മറ്റ് വിഷയങ്ങളൊന്നുമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം ഉന്നയിച്ചതെന്ന്. എനിക്ക് പറയാനുള്ളത്, അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്നിടത്തോളംകാലം ഞങ്ങൾക്ക് വിഷയദാരിദ്ര്യമുണ്ടാകില്ല. ഓരോ ദിവസവും ഓരോ പുതിയ വിഷയങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വിഷയങ്ങൾ കുന്നുകൂടിക്കിടക്കുകയാണ്. ഏതെടുക്കണമെന്ന ആശങ്കയാണ് ഞങ്ങൾക്കാകെയുള്ളത്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഒരുവർഷത്തിനിടയിൽ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഇത്രയും നിർജ്ജീവമായ ഒരു സർക്കാരാണ് ഇതെന്ന് പറയേണ്ടിവന്നിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഐ.എ.എസ്.-കാർ തമ്മിലുള്ള അടി ഇന്നലെ ആരംഭിച്ചതല്ലല്ലോ? ഇവിടെ ഐ.എ.എസ്. ഉദ്യോഗസ്ഥർ കൂട്ട അവധിയെടുക്കുന്ന സംഭവമുണ്ടായി. അവർ സെക്രട്ടേറിയറ്റിനകത്ത് യോഗം ചേർന്നു, മുഖ്യമന്ത്രിയെ കാണാൻ ചെന്നപ്പോൾ അവരെ അദ്ദേഹം ശാസിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത്രയുമൊക്കെ സംഭവങ്ങളുണ്ടായത് ഈ

കേരളത്തിൽ തന്നെയല്ലേ? ഈ അടുത്ത കാലത്താണല്ലോ ഇവിടെ ഐ.പി.എസ്.-കാർ തമ്മിൽ വഴക്കുണ്ടായത്. അതൊടൊപ്പം ഡി.ജി.പി.-യും എ.ഡി.ജി.പി.-യും തമ്മിൽ തർക്കമുണ്ടായ വാർത്ത വന്നല്ലോ? സംസ്ഥാനത്തെ ഭരണത്തിന്റെ ഉന്നതതലങ്ങളിൽ നിൽക്കുന്ന ആളുകൾ തമ്മിലുള്ള ശീതസമരവും അവർ തമ്മിലുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങളും ഭരണത്തെ ബാധിക്കുമ്പോഴാണ് അതിൽ പ്രതിപക്ഷത്തിന് ഇടപെടേണ്ടിവരുന്നത്. വ്യക്തിപരമായി ഡോ. ബിജുപ്രഭാകറും ശ്രീ. രാജുനാരായണസ്വാമിയും തമ്മിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അത് ഇവിടെ പ്രശ്നമല്ല. ഇത് ഭരണത്തെ ബാധിക്കുന്നു. രണ്ടായിരം കോടി രൂപ ബഡ്ജറ്റുള്ള വിവിധ പദ്ധതികൾ നടപ്പാക്കാൻ ബാധ്യസ്ഥരായ കൃഷിവകുപ്പ് ഡയറക്ടറും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസം നാല് മാസമായി തുടരുകയാണ്. ഈ നാല് മാസമായി തുടരുന്ന അഭിപ്രായവ്യത്യാസം പരിഹരിക്കാൻ എന്തുകൊണ്ട് ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രിക്ക് കഴിയുന്നില്ല; കൃഷി വകുപ്പുമന്ത്രിക്ക് കഴിയുന്നില്ലെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല? ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ഐ.എ.എസ്.-കാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടെന്ന് വരുത്തിത്തീർക്കാൻ ചില ആളുകൾ ശ്രമിക്കുന്നുണ്ടെന്ന്.

ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ പരിശോധിക്കണം, ആരെങ്കിലും വരുത്തിത്തീർത്തിട്ടാണോ ഇവിടെ ഐ.എ.എസ്.-കാർ യോഗം ചേർന്നതും അവർ അങ്ങയെ കാണാൻ വന്നതും അവധിയെടുക്കുമെന്ന് പറഞ്ഞതും. അതുപോലെ ഐ.പി.എസ്.-കാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസവും വിജിലൻസ് ഡയറക്ടറും ഫിനാൻസ് സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസവും. ഇതൊക്കെ ആരെങ്കിലും പറഞ്ഞതാണോ; ഇതൊക്കെ കേരളത്തിൽ നടന്നതല്ലേ? ഭരണത്തിന്റെ ഉന്നതതലങ്ങളിൽ നടക്കുന്ന ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങൾ കണ്ടില്ലായെന്ന് നടിച്ച് മുഖ്യമന്ത്രി ഇരുന്നുവെന്നുള്ളതാണ് ഇവിടുത്തെ പ്രശ്നം. ബഹുമാന്യനായ മുഖ്യമന്ത്രി ഇതിനെ നിസ്സാരവത്ക്കരിക്കാൻ ശ്രമിക്കുകയാണ്. അങ്ങേയ്ക്ക് അങ്ങനെയേ പറയാൻ കഴിയുകയുള്ളൂവെന്ന് എനിക്ക് അറിയാം. പക്ഷേ അങ്ങ് ഞങ്ങളോടെന്ത് മറുപടി പറഞ്ഞാലും, ഭരണരംഗത്ത് എന്ത് നടക്കുന്നുവെന്നുള്ള ഒരു ആത്മപരിശോധന നടത്താൻ അങ്ങ് തയ്യാറാകണം. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങൾ കാണാൻ അങ്ങ് തയ്യാറാകണം. എം. എൻ. ഗോവിന്ദൻ നായർ ഇരുന്ന കസേരയിലാണ് ശ്രീ. വി. എസ്. സുനിൽകുമാർ ഇരിക്കുന്നത്, ആ മഹാനായ വ്യക്തി കൈകാര്യം ചെയ്ത വകുപ്പാണ് അങ്ങ് കൈകാര്യം ചെയ്യുന്നത്. ഇവിടെ നാല് മാസമായി രണ്ട്

ഉദ്യോഗസ്ഥന്മാർ തമ്മിൽ അടിയാണ്. ഡോ. ബിജു പ്രഭാകറിനെ കുട്ടിക്കാലം മുതൽ എനിക്കറിയാം. ഒരു അഴിമതിയും ചെയ്യുന്ന ആളാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹത്തിന്റെ ഐ.എ.എസ്. വ്യാജമാണെന്ന് ഒരാൾ പറഞ്ഞാൽ ബഹുമാന്യനായ മന്ത്രീ, അങ്ങ് അത് കേട്ടിരിക്കുകയാണോ; ബഹുമാന്യനായ മുഖ്യമന്ത്രി അത് കേട്ടിരിക്കുകയാണോ; ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ, confer ചെയ്ത് ഐ.എ.എസ്. കൊടുത്തുകഴിഞ്ഞാൽ അത് വ്യാജമാണെന്ന് ഒരു പ്രിൻസിപ്പൽ സെക്രട്ടറി പറയുന്നത് അങ്ങ് കേട്ടുകൊണ്ടിരിക്കുകയാണോ; ബഹുമാന്യനായ മുഖ്യമന്ത്രി ഇത് കേട്ടുകൊണ്ടിരിക്കുകയാണോ; ഈ സംസ്ഥാനത്ത് ഐ.എ.എസ്. confer ചെയ്തിട്ടുള്ള എത്രയോ നല്ല ഉദ്യോഗസ്ഥരുണ്ട്. ഭരണകാര്യത്തിൽ, confer ചെയ്യുന്ന ഐ.എ.എസ്.-ഉം പരീക്ഷ പാസ്സായി വരുന്ന ഐ.എ.എസ്.-ഉം തമ്മിൽ വ്യത്യാസമൊന്നുമില്ല. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി മനസ്സിലാക്കണം. ഇവർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായ സമയത്ത്, അന്ന് ഇത് പരിഹരിക്കേണ്ടതായിരുന്നു. നാല് മാസമായി ശീതസമരം നടക്കുകയാണ്. ഇസ്രായേലിൽ നിന്ന് ഒരു കൂട്ടർ ഇവിടെ വന്നു. അവർക്ക് പണം കൊടുക്കുന്നതിനെ സംബന്ധിച്ചാണ് തർക്കം. പണം കൊടുക്കാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥനെ മാറ്റുന്നു. ആ ഉദ്യോഗസ്ഥനെ മാറ്റിയ നടപടിയിൽ സ്റ്റേയുണ്ടാകുന്നു.

ഇതെല്ലാം ഭരണത്തിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ശ്രീ. വി. എസ്. സുനിൽകുമാർ ഇതെല്ലാം ശ്രദ്ധിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിൽ അഭിപ്രായവ്യത്യാസമില്ല. ഇവിടെ യാതൊരു പ്രശ്നവുമില്ല, എല്ലാം ശാന്തമാണെന്ന് അങ്ങ് പറയുന്നതിൽ അർത്ഥമില്ല എന്നാണ് ഞാൻ പറഞ്ഞുവരുന്നത്. സർക്കാരിന്റെ ഒന്നാം വാർഷികം ആഘോഷിക്കുമ്പോൾ അതിന്റെ നിറം കെട്ട നടപടിയായിപ്പോയി ഈ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള തർക്കമെന്നുപറയുന്നത്. ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടാൽ തോന്നും ഞങ്ങളാണ് ഈ ആരോപണങ്ങളൊക്കെ ഉന്നയിച്ചതെന്ന്. ഞങ്ങളല്ല ആരോപണങ്ങൾ ഉന്നയിച്ചത്. ബഹുമാന്യനായ വി. ഡി. സതീശൻ ഇവിടെ അക്കമിട്ട് കാര്യങ്ങൾ പറഞ്ഞു. ശ്രീമതി ഗീതാഗോപിനാഥ്-നെപ്പറ്റി ഇവിടെ ആരും പറഞ്ഞില്ല. അവരുടെ കഴിവിനെ ഞങ്ങളാരും ചോദ്യം ചെയ്തിട്ടില്ല. ന്യൂസ് 18-ൽ വന്ന വാർത്തയാണ് - അന്യസംസ്ഥാനത്തുനിന്ന് ഹോർട്ടികോർപ്പ് പച്ചക്കറി വാങ്ങുന്നു എന്നത്. ശ്രീമതി ഗീതാഗോപിനാഥ്-ന്റെ പിതാവ് മി. ഗോപിനാഥ് നടത്തിക്കൊണ്ടിരിക്കുന്ന കമ്പനിയിൽനിന്നും വാങ്ങിയെന്നാണ് പറഞ്ഞത്. അല്ലാതെ അവരെ ആരും ഇവിടെ ആക്ഷേപിച്ചിട്ടില്ല. അത് ന്യൂസ് 18-ൽ വന്ന

വാർത്തയാണ്. ആ വാർത്ത ക്വാട്ട് ചെയ്യുകയാണുണ്ടായത്. ഇല്ലാത്ത കാര്യം മുഖ്യമന്ത്രി പറയരുത്. ഞങ്ങളാരും ഗീതാഗോപിനാഥ്-നെ മോശക്കാരിയാക്കി ചിത്രീകരിച്ചിട്ടില്ല. ഞങ്ങളാരും അവരുടെ പിതാവിനെ മോശക്കാരനായി ചിത്രീകരിച്ചിട്ടില്ല. ആ വാർത്ത വന്നതിനെപ്പറ്റിയാണ് സൂചിപ്പിച്ചത്. അത് ശരിയാണോയെന്ന് പരിശോധിക്കാനാണ് മന്ത്രി തയ്യാറാകേണ്ടത്. കൃഷി വകുപ്പുമന്ത്രിക്ക് ഇതിൽ ഉത്തരവാദിത്വമില്ലേ; മുഖ്യമന്ത്രിക്ക് ഉത്തരവാദിത്വമില്ലേ; മുഖ്യമന്ത്രി വേറൊരു കാര്യം കൂടി പറഞ്ഞു, ബഹുമാന്യനായ വി. ഡി. സതീശൻ ഒരു പരസ്യം കൊടുത്തതിനെപ്പറ്റി പറഞ്ഞു. ലൈഫ് പദ്ധതിക്കോ ലൈഫ് ലോംഗ് പദ്ധതിക്കോ ഞങ്ങളാരും എതിരല്ല. ഈ പദ്ധതിയൊക്കെ നടക്കട്ടെ. നല്ലകാര്യമാണ്. ഞങ്ങൾ എല്ലാം പിന്തുണയ്ക്കുന്നുണ്ട്. പക്ഷേ ഇവിടെ ഈ ചിത്രത്തിൽ,... പി.ആർ.ഡി.-ക്കാരെ അങ്ങ് പിടിക്കാൻ വേണ്ടിയാണ് ഇത് പറഞ്ഞത്. വീട്ടുള്ളവരുടെ പടം കൊടുത്തിട്ട് വീടില്ലാത്തവരുടെ പടമായി ചിത്രീകരിച്ചത് ശരിയാണോ; അങ്ങ് പി.ആർ.ഡി.-യോട് ചോദിക്കണം. ചെറായിയിലുള്ള ഈ കുടുംബത്തിന് വീട്ടുള്ളവരാണ്. ആ കാര്യം ചൂണ്ടിക്കാണിച്ചതിന്, ലൈഫ് പദ്ധതിയെ ശ്രീ. വി. ഡി. സതീശൻ എതിർത്തുവെന്ന് പറയുന്നത് വളരെ കൂടിപ്പോയി എന്നുമാത്രമേ എനിക്ക്

പറയാനുള്ളൂ. അങ്ങ് ഇത് ശ്രദ്ധിക്കാൻ വേണ്ടി പറയുകയാണ്. അങ്ങയുടെ വകുപ്പാണ് പി.ആർ.ഡി. പി.ആർ.ഡി.-യുടെ അകത്തുനിന്നുവന്ന തെറ്റ് ചൂണ്ടിക്കാണിച്ചതിന് ലൈഫ് പദ്ധതിയെ ഞങ്ങൾ എതിർക്കുന്നുവെന്ന് പറയുന്നത് എത്ര ബാലിശമായ കാര്യമാണ്. ഇവിടെ ഞങ്ങളാരും അതിനെ എതിർത്തിട്ടില്ലല്ലോ; ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ മാപ്പപേക്ഷയെപ്പറ്റി പറഞ്ഞു. വളരെ വ്യക്തമായിട്ടല്ലേ മാപ്പപേക്ഷയെപ്പറ്റി കോടതിയിൽ പറഞ്ഞത്. ഞാൻ അതൊന്നും വായിക്കുന്നില്ല. "I tender my unqualified apology for any aspect on my conduct which this Honourable Court construes not to be in accordance with its order." ബഹുമാന്യനായ മുഖ്യമന്ത്രി ഇത് വായിക്കണം. സംസ്ഥാന ചീഫ് സെക്രട്ടറി കൊടുത്ത മാപ്പപേക്ഷയാണിത്. അല്ലാതെ late comer കൊടുക്കുന്ന അപേക്ഷയല്ലിത്. ക്യാബിനറ്റിൽ വരാൻ ഒരു മിനിട്ട് താമസിച്ചാൽ ഞാൻ താമസിച്ചുപോയി, എനിക്കൊരു കാര്യമുണ്ടായിരുന്നുവെന്ന് മുഖ്യമന്ത്രിയോട് പറയും. അതുപോലെയാണോ ഇത്; സംസ്ഥാനത്തെ ചീഫ് സെക്രട്ടറി കൊടുത്ത unqualified ആയിട്ടുള്ള apology ആണ്. അത് അങ്ങ് മനസ്സിലാക്കേണ്ട കാര്യമാണ്. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ മകൻ ലേഖനത്തിൽ പറഞ്ഞത് അങ്ങ് ഒന്ന് വായിക്കണം എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഈ സംസ്ഥാന

ഭരണത്തെപ്പറ്റി ഒരു മുൻ മുഖ്യമന്ത്രിയായ ഇ.കെ. നായനാരുടെ മകൻ എഴുതിയ ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് വായിച്ചാൽ ശ്രീ. പിണറായി വിജയൻ, അങ്ങയുടെ സംശയം മുഴുവൻ തീരുമെന്നാണ് എനിക്ക് പറയാനുള്ളത്. കൃഷ്ണകുമാർ പറഞ്ഞ വാചകമെങ്കിലും അങ്ങ് ഒന്ന് വായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സംസ്ഥാനത്ത് ഭരണസ്തംഭനം നിലനിൽക്കുന്നു. ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള അഭിപ്രായവ്യത്യാസം നിലനിൽക്കുന്നു. ഐ.എ.എസ്.-ഐ.പി.എസ് ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള ശീതസമരം നിലനിൽക്കുന്നു. ഇതൊന്നും നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല, വകുപ്പുമന്ത്രിക്ക് കഴിയുന്നില്ല. ഈ വകുപ്പുകളിലൊക്കെ അരാജകത്വം നടക്കുന്നു, തമ്മിലടി നടക്കുന്നു. ഈ വിവരം ഞങ്ങൾ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരണ്ടേ? ഇത് കൊണ്ടുവരാനുള്ള ഉത്തരവാദിത്തം ഞങ്ങൾക്കില്ലേ? സർക്കാരിനെ കറക്ട് ചെയ്യാനുള്ള ഉത്തരവാദിത്തം ഞങ്ങൾക്കില്ലേ? പ്രതിപക്ഷത്തിന്റെ മൗലികമായ ഉത്തരവാദിത്തമല്ലേ ഇത്; ഞങ്ങൾ അത് ഉന്നയിക്കുമ്പോൾ അതിനെ നിസ്സാരവത്ക്കരിക്കുകയും ഇതൊന്നും ഒരു പ്രശ്നമല്ല എന്ന മനോഭാവം സ്വീകരിക്കുകയും ചെയ്യുന്നത് ഒരു ഉത്തമ ഭരണാധികാരിക്ക് ചേർന്ന നടപടിയല്ല എന്നാണ് എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോടും കൃഷിവകുപ്പുമന്ത്രിയോടും പറയാനുള്ളത്. നിങ്ങൾ ഇതിന്റെ ഗൗരവം

മനസ്സിലാക്കണം. ഞാൻ നേരത്തെ പറഞ്ഞു, ശ്രീ. ബിജു പ്രഭാകർ ഈ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന തച്ചടി പ്രഭാകരന്റെ മകനാണ്. ഒരു ചെറിയ തെറ്റുപോലും ചെയ്യാത്ത ആളാണ്, അദ്ദേഹത്തിന്റെ കുട്ടിക്കാലം മുതൽക്കേ എനിക്കറിയാം. അദ്ദേഹത്തിന്റെ ഐ.എ.എസ്. വ്യാജമാണെന്ന് പറയുന്ന...........

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>): സർ, എം.എൻ. ഗോവിന്ദൻ നായർ ഇരുന്ന കസേരയിലാണ് ഞാൻ ഇരിക്കുന്നത് എന്ന ഉത്തരവാദിത്വത്തോടുകൂടിതന്നെയാണ് ഞാൻ ഇരിക്കുന്നത്. ഇവിടെ പ്രതിപക്ഷം ഗൗരവമായി ഉന്നയിച്ച ഒരു കാര്യവും ഗവൺമെന്റ് ഗൗരവമില്ലാതെ കാണാൻ ഉദ്ദേശിക്കുന്നില്ല. ഒരുദ്യോഗസ്ഥർക്കും അവരുടെ തന്നിഷ്ടപ്രകാരം നടത്താൻ ഈ വകുപ്പ് അവർക്ക് വീട്ടുകൊടുക്കാൻ പോകുന്നില്ല. അതുകൊണ്ട് നടപടിയെടുക്കേണ്ട കാര്യങ്ങൾക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അങ്ങയെ കുറ്റം പറഞ്ഞതല്ല. അങ്ങയുടെ വകുപ്പിൽ ഗൗരവതരമായി ഒരു പ്രിൻസിപ്പൽ സെക്രട്ടറിയും ഡയറക്ടറും തമ്മിൽ നടക്കുന്ന ഇത്തരം നടപടികൾ അങ്ങേയ്ക്ക് ശോഭകരമാണോ; അങ്ങേയ്ക്ക് നല്ലതാണോ; അങ്ങയുടെ ഡിപ്പാർട്ട്മെന്റിന് ഇത് ഗുണം ചെയ്യുമോ; അങ്ങ് അത്

പരിശോധിക്കണം. ഗൗരവമായി ഇടപെടണം. ഈ സംസ്ഥാനത്ത് ഒരു മന്ത്രിയും അവരുടെ ഡിപ്പാർട്ട്മെന്റിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞപ്പോൾ എനിക്ക് അല്പം വിഷമം തോന്നി. അദ്ദേഹം ഞങ്ങളെ കുറ്റപ്പെടുത്തിക്കോട്ടെ, അതിൽ പ്രശ്നമൊന്നുമില്ല. ഞങ്ങളുടെ മൗലികമായ ഉത്തരവാദിത്തം ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഞങ്ങൾ ആ ഉത്തരവാദിത്വം ചെയ്യുന്നു. പക്ഷേ ഇതിന്റെ ഗൗരവത്തെ ബഹുമാന്യനായ മുഖ്യമന്ത്രി നിസ്സാരവത്ക്കരിച്ചത് ഒട്ടും ശരിയായില്ല. അങ്ങ് ഇത് പരിശോധിക്കണം. ഈ സംസ്ഥാനത്തെ കൃഷി വകുപ്പ് പോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പിൽ നാലഞ്ചുമാസമായി നടക്കുന്ന ശീതസമരവും അഭിപ്രായവ്യത്യാസങ്ങളും വകുപ്പിന്റെ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈ ഗവൺമെന്റിന്റെ ഒന്നാം വാർഷികം ഉദ്യോഗസ്ഥരുടെ കലാപരിപാടികളോടുകൂടി ആരംഭിച്ചിരിക്കുകയാണ്. പല സ്ഥലങ്ങളിലും, പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പോലീസ് മേധാവികൾ തമ്മിലുള്ള

കായികമത്സരം നടക്കുകയാണ്. ഇപ്പോൾ കൃഷി വകുപ്പിലേക്ക് അത് പടർന്നിരിക്കുന്നു. കഴിഞ്ഞ കുറേ നാളുകളായി ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കിടയിലും അതിനുപുറമെ ഐ.എ.എസ്.-ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള പ്രശ്നങ്ങൾ മാത്രമാണ് നമ്മൾ പത്രത്തിൽ വായിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വിജിലൻസ് എന്നുപറയുന്ന ഡിപ്പാർട്ട്മെന്റിനെ വ്യക്തിവൈരാഗ്യം തീർക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി ആലോചിക്കേണ്ട ഒരു കാര്യം ഈ ആളുകൾ തമ്മിലുള്ള ചക്കളത്തിൽ പോരാട്ടത്തിന് പരിഹാരമുണ്ടാക്കാനുള്ള ഒരു ഡിപ്പാർട്ട്മെന്റാണോ വിജിലൻസ് ഡിപ്പാർട്ടുമെന്റ്; കഴിഞ്ഞകാലങ്ങളിലൊക്കെ ഇത്തരം കാര്യങ്ങൾ ഒരു സ്ക്രീനിംഗ് കമ്മിറ്റി നോക്കാറുണ്ടായിരുന്നു. ചീഫ് സെക്രട്ടറിയും എ.സി.എസ്.-ഉം വിജിലൻസ് ഡയറക്ടറുമൊക്കെ സ്ക്രീൻ ചെയ്തശേഷം കാമ്പുണ്ടോ എന്ന് നോക്കിയതിനുശേഷം മാത്രമേ ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള കേസ് നോക്കാറുള്ളൂ. അല്ലാതെ എനിക്ക് ഒരു ദേഷ്യമുണ്ട് എന്നുവച്ച് നോക്കാറില്ല. അതുകൊണ്ടാണ് ഡോ. ബിജു പ്രഭാകർ പറഞ്ഞിരിക്കുന്നത് ഞാൻ ഇവിടെ ഇരുന്നുകഴിഞ്ഞാൽ ഞാൻ വിജിലൻസ് കേസ്സിൽ കുടുങ്ങി അകത്ത് പോകും എന്നാണ്. എന്നെ സഹായിക്കാൻ ഒരു സർക്കാരുമുണ്ടാകില്ല, ഒരു

മന്ത്രിയുമുണ്ടാകില്ല എന്ന പേടിയിലാണ് അദ്ദേഹം പോകുന്നത്. ഇങ്ങനെ ലീവ് എടുത്ത് ഓരോ ആളുകളും പോകുകയാണ്. ഇനി നമ്മൾ നിർബന്ധിച്ചാൽ ചിലപ്പോൾ അദ്ദേഹം വന്ന് ഇരുന്നേക്കാം. ഉദ്യോഗസ്ഥന്മാർ ഇരിക്കുകയാണെങ്കിൽ ആ സ്ഥാനത്ത് പറഞ്ഞാൽ.. ചിലപ്പോൾ ഹോർട്ടികോർപ്പ്-നുപകരം വേറൊരു കോർപ്പറേഷനുണ്ടാക്കി എന്ന് വച്ചോളൂ. എരുമയ്ക്കുവേണ്ടി ഒരു കോർപ്പറേഷനുണ്ടാക്കിയിട്ട് ഉദ്യോഗസ്ഥരോട് പറഞ്ഞാൽ അവർ അവിടെ പോയിരിക്കും. പക്ഷേ ഇന്ന ഉത്തരവ് ഇന്നപോലെ ഇറക്കണമെന്ന് എന്ന് ഒരുദ്യോഗസ്ഥനോടും നിർബന്ധിച്ച് പറയാൻ നമുക്ക് കഴിയില്ല. അവർ വളരെ തന്ത്രപരമായി അതിൽ ഒരു ക്വറി ഇട്ടുകഴിഞ്ഞാൽ, ആ ക്വറി കാലാകാലത്തേയ്ക്കുള്ള ക്വറിയായും ആ ഫയൽ ഒരിക്കലും എവിടെയും എത്താത്തരീതിയിൽ ഇല്ലാതാക്കാനും ഉദ്യോഗസ്ഥന്മാർക്ക് സാധിക്കും. അവരുടെ മേശപ്പുറത്ത് നോക്കിയാൽ ഒരു ഫയലുമുണ്ടാകില്ല. ആ രീതിയിൽ ഈ ഗവൺമെന്റിന്റെ മുഴുവൻ പ്രവർത്തനവും നിശ്ചലമായി നിൽക്കുകയാണ്. ഓരോ ഫയലും നീങ്ങാൻ എത്ര സമയമെടുക്കുന്നുണ്ടെന്നാണ് അങ്ങ് പ്രത്യേകിച്ച് നോക്കേണ്ടത്. ഏതെങ്കിലും ഉദ്യോഗസ്ഥൻ റിസ്ക് എടുക്കുന്നുണ്ടോ; ഇങ്ങനെ പരസ്പര കലഹങ്ങൾ നടക്കുന്നതാണ് റിസ്ക് എടുക്കാതിരിക്കാനുള്ള കാരണം. ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. രാജു

നാരായണ സ്വാമിയും ശ്രീ. ബിജു പ്രഭാകറും തമ്മിലുള്ള പോരാട്ടം തുടങ്ങിയിട്ട് എത്ര കാലമായി. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ എത്രയോ തവണ വന്നിട്ടില്ലേ; ഇത്തരം കാര്യങ്ങളിൽ മന്ത്രിമാർ ഇടപെട്ട് ആരുടെയും പക്ഷം ചേരാത്ത രീതിയിൽ നിഷ്പക്ഷമായി നിന്ന് പ്രശ്നം പരിഹരിക്കണം. മുഖ്യമന്ത്രി ഉദ്യോഗസ്ഥന്മാരെ വിളിച്ചിരുത്തി അവർക്കിടയിൽ പ്രശ്നമുണ്ടോയെന്ന് നോക്കി അത് തീർക്കണം. അതിന് സമയം കണ്ടെത്തിയേ പറ്റൂ. അതില്ലാത്ത കാലത്തോളം ഈ ഗവൺമെന്റ് ഇതുപോലുള്ള അപകടങ്ങളിൽ ചെന്ന് വീഴുമ്പോൾ, 'സ്രാവുകളോടൊപ്പം നീന്തുമ്പോൾ' എന്ന് പറഞ്ഞ് ലീവിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച് പുസ്തകം എഴുതുന്നു. പല ആളുകളെക്കുറിച്ചും അതിൽ എഴുതുന്നു. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുക്കാതിരുന്നത്. ശ്രീ. കെ. സി. ജോസഫിനെക്കൂടി അങ്ങ് ഉപദേശകനായി എടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ആ ഉപദേശം കാരണമാണ് അങ്ങ് വലിയ കുഴപ്പത്തിൽനിന്ന് രക്ഷപെട്ടത്. പരസ്യമായി എല്ലാവർക്കും എല്ലാ ചാനലിലും വന്ന് പറയാനും വിഴുപ്പലക്കാനും പറ്റുന്ന രീതിയിൽ ഉദ്യോഗസ്ഥരെ ഈ രീതിയിൽ അഴിച്ചുവിടുകയും അവർ തമ്മിൽ കലഹിക്കുന്ന അവസ്ഥയുണ്ടാക്കുകയും

ചെയ്തിട്ട് ഇങ്ങനെ മിണ്ടാതിരുന്നു കഴിഞ്ഞാൽ അതിന്റെ ദോഷം ഈ കേരള സംസ്ഥാനത്തിനാണെന്നുള്ള ദുഃഖമാണ് ഞങ്ങളിവിടെ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അടിക്കും അടിക്കുമെന്ന് പറഞ്ഞാൽ പോരാ. രണ്ട് കാലും തളർന്നിരിക്കുന്ന ഒരാൾ ഞാൻ എണീറ്റാൽ നിന്നെ ബാക്കിവയ്ക്കില്ലെന്ന് പണ്ട് പറഞ്ഞു. പക്ഷെ, എണീക്കാൻ പറ്റുന്നില്ല. അതുകൊണ്ട് എണീക്കണം. എണീറ്റ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഈ വിഷയത്തിൽ കാര്യമായ ഒരു മറുപടി ഇവിടെ കിട്ടാത്തതിന്റെ പേരിലും വിഷയം ചർച്ചയ്ക്കെടുക്കാത്തതിന്റെ പേരിലും ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി:</u> സർ, സിവിൽ സർവ്വീസ് പോര് ഭരണത്തെ ബാധിക്കുകയില്ലെന്ന ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഭാഷ്യം വളരെ മോശമാണ്. സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള ചേരിപ്പോര് ഭരണത്തെ ബാധിക്കും. നിങ്ങളുടെ ഇമേജ് പോകരുതെന്നും ഭരണം നന്നാകണമെന്നും ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ.

അതുകൊണ്ട് ഇങ്ങനെയുള്ള പ്രശ്നങ്ങൾ സിവിൽ സർവ്വീസിൽ വരുമ്പോൾ അത് തീർക്കണം. അതിന് നമ്മുടെ കുടുംബത്തിന്റെ കാരണവരായ മുഖ്യമന്ത്രി തന്നെ അവരെ വിളിച്ചിരുത്തി രമ്യതപ്പെടുത്തി പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ പരിഹരിക്കാനുള്ള നടപടികൾ നടത്തണം. അതല്ലാതെ ഇങ്ങനെ കയറൂരി വിടുന്നതും ഭരണത്തിൽ സ്തംഭനമുണ്ടാക്കുന്നതും ശരിയല്ല. ഈ തെറ്റായ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഗവൺമെന്റിന്റെ നയപരിപാടികൾ എത്ര നല്ലതാണെങ്കിലും അത് നടപ്പാക്കേണ്ടത് ഉദ്യോഗസ്ഥരാണ്. ആ ഉദ്യോഗസ്ഥർ തമ്മിൽ നടത്തുന്ന പോര് ഒരു വാർത്തയല്ലാതായിത്തീർന്നിരിക്കുന്നു. പോലീസ് വകുപ്പിലായാലും പോലീസും ഐ.എ.എസ്.-ഉം തമ്മിലായാലും ഐ.എ.എസ്.-കാർ തമ്മിലായാലും ശരി നിരന്തരം അങ്ങനെയുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇത് ഏറ്റവും ഒടുവിലത്തെ ഉദാഹരണം മാത്രമാണ്. ഈ കാര്യം സർക്കാരിന്റെ പിടിപ്പുകേടിന്റെയും കഴിവില്ലായ്മയുടെയും വ്യക്തമായ തെളിവാണ്. ആ കാര്യം വിശദമായി ചർച്ച ചെയ്യേണ്ടതാണ്. അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ

ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭയിൽനിന്ന് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(ശ്രുദ്ധക്ഷണിക്കൽ)